പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

26.10.2016 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ:*525

## ലയങ്ങളിലെ വീടുകൾ പുനർനിർമ്മിച്ച് നൽകുന്നതിനുള്ള ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സുരേഷ് കുറുപ്പ്,<br>ശ്രീ. ഒ.ആർ.കേളു<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ.രാജു എബ്രഹാം : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ലയങ്ങളിലെ വീടുകളെല്ലാം പുനർനിർമ്മിച്ച് നൽകുന്നതിനുള്ള ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) എങ്കിൽ അവ എപ്രകാരം നിർമ്മിച്ച നൽകാനാണ് ഉദ്ദേശിക്കുന്നത്;<br><br>സി) ലയങ്ങളുടെ ഉടമസ്ഥത വിവിധ മാനേജ്മെന്റുകളിൽ നിക്ഷിപ്തമായതിനാൽ അവിടെയുള്ള വീടുകൾ സർക്കാർ ചെലവിൽ നിർമ്മിച്ച നൽകുമ്പോൾ തൊഴിലാളികൾ വിരമിച്ച് പോകുന്ന സമയത്ത് ഉടമസ്ഥതാ പ്രശ്നം ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും ലയങ്ങളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള പദ്ധതി തോട്ടം ഉടമകളുമായി ചർച്ച ചെയ്ത് ആവിഷ്കരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) എങ്കിൽ ഇത്തരം തൊഴിലാളികൾക്ക് വേറെ ഭൂമി കണ്ടെത്തി അവിടെ വീടുകൾ നിർമ്മിച്ച നൽകി പ്രസ്തുത പ്രശ്നം പരിഹരിയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) ഭവനം ഫൗണ്ടേഷൻ കേരള തോട്ടം മേഖലയിൽ സ്വന്തം വീട് എന്ന പദ്ധതി ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സ്വന്തമായി കുറഞ്ഞത് 3 സെന്റ് സ്ഥലമുണ്ട് എന്നാൽ വീട് ഇല്ലാത്തവർക്കും, സ്വന്തമായി സ്ഥലവും വീടുമില്ലാത്തവർക്കും വീട് വെയ്ക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് വേണ്ടിയുള്ള ഈ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |

Sreeleks
**സെക്ഷൻ ഓഫീസർ**

26/10/16